# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ്—റവന്യൂ റിക്കവറി തുടങ്ങാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടു കഴിഞ്ഞ കേസുകൾ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് കുടിശ്ശികക്കാർക്ക് അനുവാദം നൽകുന്നതിന് മുൻപ്, റവന്യൂ വകുപ്പുമായി കൂടിയാലോചന നടത്തണമെന്ന നിർദ്ദേശം അംഗീകരിച്ച്— ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (എച്ച്) വകുപ്പ്

സ. ഉ. (പി) നമ്പർ 258/09/റവ. തിരുവനന്തപുരം, 2009 ജൂലൈ 4.

---

പരാമർശം :—1. ജി. ഒ. (എം എസ്.) നമ്പർ 578/റവ. തീയതി 30-6-1965.

2. ജി. ഒ. (എം എസ്.) നമ്പർ 88/68/റവ. തീയതി 9-2-1968.

## ഉത്തരവ്

പരാമർശ ഉത്തരവുകൾ പ്രകാരം ബോട്ട്-ഇൻ-ലാന്റ് തിരികെ ലഭിക്കുന്നതിന് ലേലസ്ഥിരീകരണ തീയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ നൽകേണ്ടതാണ്. എന്നാൽ വളരെ വർഷങ്ങൾക്കുമുമ്പ് ബോട്ട്-ഇൻ-ലാന്റ് ആയിത്തീർന്ന വസ്തു തിരിച്ച് നൽകുന്നതിന് അടുത്ത കാലത്തായി നിരവധി കോടതി ഉത്തരവുകൾ ഉണ്ടാകുന്നുണ്ട്. റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ച ശേഷം, റവന്യൂ വകുപ്പിനോട് നിലവിലുള്ള സ്ഥിതി ആരായാതെ കുടിശ്ശിക തുക ആംനസ്റ്റി, ഒ. റ്റി. എസ്. സ്കീമുകളിൽ ഉൾപ്പെടുത്തി അർത്ഥനാധികാരികൾ സ്വീകരിക്കുന്നതുമൂലമാണ് ഇപ്രകാരം കോടതി ഉത്തരവുകൾ ഉണ്ടാകുന്നത്. ഇത്തരം പദ്ധതികളുടെ ആനുകൂല്യത്താൽ നിരവധി വർഷങ്ങൾക്കുശേഷം ബോട്ട്-ഇൻ-ലാന്റ് പരാതിക്കാരന് തിരികെ നൽകുന്നത് നിലവിലുള്ള ഉത്തരവുകൾ പ്രകാരം അനുവദനീയമല്ല.

GCPT. 3/2349/2009/DTP.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. ബോട്ട്-ഇൻ-ലാന്റ് ആയിത്തീർന്ന വസ്തുവിനെ സംബന്ധിക്കുന്ന ഏത് ഒത്തുതീർപ്പും റവന്യൂ വകുപ്പ് മുഖാന്തിരമായിരിക്കണം.

2. റവന്യൂ റിക്കവറി ആരംഭിച്ചുകഴിഞ്ഞ കേസുകൾ ആംനസ്റ്റി, ഒ. റ്റി. എസ്. മുതലായ പദ്ധതികളിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നത് റവന്യൂ വകുപ്പിന്റെ അറിവോടുകൂടിയായിരിക്കണം.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

നിവേദിത പി. ഹരൻ,
പ്രിൻസിപ്പൽ സെക്രട്ടറി.

പകർപ്പ്:

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ അർത്ഥനാധികാരികൾക്കും.
പൊതുഭരണ (എസ്. സി.) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

Recd. Date 11/8/09

297581 9947702181 Bijoy Chandran

WPC 21993/09 (T)